(9) പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാരും വീഡിയോ ഗ്രാഫർമാരും അനുഭവിക്കുന്ന പ്രതിസന്ധി

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : സർ, കേരളത്തിൽ സ്വയം തൊഴിൽ കണ്ടെത്തി ജീവിക്കുന്ന നാൽപ്പതിനായിരത്തോളം ഫോട്ടാഗ്രാഫി, വീഡിയോ ഗ്രാഫി മേഖലയിൽ പ്രവർത്തിക്കുന്ന ആളുകളുണ്ട്. അവരുടെ തൊഴിൽ സംരക്ഷണം ഇന്ന് വളരെ പ്രധാനപ്പെട്ട ഒരു കാര്യമായി മാറിയിരിക്കുന്നു. ഇന്ന് ഗവൺമെന്റ് മേഖല ഉൾപ്പെടെയുള്ള എല്ലാ മേഖലയിലെയും ഫോട്ടോകൾ എടുക്കുന്നതിന് ക്വട്ടേഷൻ കൊടുക്കുകയും അന്താരാഷ്ട്ര കമ്പനികൾ കടന്നുവരികയുമാണ്. സാങ്കേതിക പുരോഗതിയുടെ ഫലമായി ലളിതമായ ഉപകരണങ്ങളുമായി ആയിരക്കണക്കിന് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ തൊഴിൽ സാധ്യത പ്രതീക്ഷിച്ച് ഈ മേഖലയിൽ കടന്നുവന്നതാണ്. ഇന്ന് അവരുടെ ജീവിതം വളരെ ബുദ്ധിമുട്ടിലായിരിക്കുകയാണ്. ഇന്ത്യൻ പാസ്പോർട്ടിലുള്ള ഫോട്ടോകൾ സേവാ കേന്ദ്രങ്ങൾ വഴി ടാറ്റാ കമ്പനി തട്ടിക്കൊണ്ടുപോയി. ആധാർ കാർഡുകളിലെ ഫോട്ടോകൾ സ്വകാര്യ ഏജൻസികളാണ് എടുക്കുന്നത്. അതും അന്താരാഷ്ട്ര കമ്പനികളാണ്. വോട്ടേഴ്സ് ഐ.ഡി. കാർഡിലുള്ള ഫോട്ടോ എടുത്തിരുന്നതും ഈ കമ്പനികളാണ്. ക്ഷേമനിധി കാർഡുകളിലെ ഫോട്ടോകൾ അക്ഷയകേന്ദ്രങ്ങൾ വഴിയാണ് എടുക്കുന്നത്. അതും നമ്മുടെ ഫോട്ടോഗ്രാഫർമാർക്ക് ലഭിക്കുന്നില്ല. ഇതെല്ലാം വൻകിട സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുകയാണ്. വൻകിട കമ്പനികളുമായി ചർച്ച നടക്കുകയാണ്. ഉദാഹരണത്തിന് റേഷൻ കാർഡിലുള്ള ഫോട്ടോകൾ അക്ഷയ കേന്ദ്രങ്ങൾ വഴിയാണ് എടുത്തത്. റേഷൻ കാർഡിലുള്ള ഫോട്ടോകൾ വീണ്ടും സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കാൻ വൻകിട കമ്പനികളുമായി ചർച്ച നടക്കുന്നതായി കേൾക്കുന്നു. അതാണ് ഏറ്റവും അപകടം. ഇപ്പോൾ തെരഞ്ഞെടുപ്പ് വരുമ്പോൾ ഫോട്ടോ പതിച്ച ഇലക്ഷൻ കാർഡുണ്ട്. ആ കാർഡിലെ മുഖം കണ്ടാൽ ആളിനെ തിരിച്ചറിയുകയില്ല. അതുകൊണ്ട് പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാരെക്കൊണ്ട് ഫോട്ടോ എടുപ്പിക്കണം. എനിക്ക് പറയാനുള്ളത്, ജനുവരിയിൽ നൽകാൻ പോകുന്ന റേഷൻ കാർഡിൽ പതിക്കാനുള്ള ഫോട്ടോകൾ കാർഡ് ഉടമകളോട് കൊണ്ടുവരാൻ ആവശ്യപ്പെടണം. അവ അപ്ലോഡ് ചെയ്യാനുള്ള ഓപ്ഷൻ ഉപയോഗപ്പെടുത്തുക. തമിഴ്നാട് ഗവൺമെന്റ് അത് ചെയ്തുകഴിഞ്ഞു. നാൽപ്പതിനായിരത്തോളം പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാരുണ്ട്. അവരുടെ ജീവിതം രക്ഷിക്കണ്ടേ. ഒന്നര ലക്ഷത്തോളം കുടുംബങ്ങളുടെ ജീവിതമാർഗ്ഗമാണ്. അത് അനുവദിച്ച് കൊടുക്കണ്ടേ?

LIBRARY ARCHIVES Kerala Legislative Assembly

ഇന്ത്യൻ പാസ്പോർട്ടിനുള്ള അപേക്ഷകളിൽ ഫോട്ടോകൾ അപ്ലോഡ് ചെയ്യാനോ ഒട്ടിക്കാനോ ഫോട്ടോഗ്രാഫർമാർ എടുക്കുന്ന ഫോട്ടോകൾ ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകണം. ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണ മെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ആധാർ കാർഡുകളിലും ക്ഷേമനിധി കാർഡുകളിലും വോട്ടേഴ്സ് ഐ.ഡി. കാർഡുകളിലുമുള്ള ഫോട്ടോകൾ എടുക്കാൻ ഫോട്ടോഗ്രാഫർമാരെ ചുമതലപ്പെടുത്തണം. പാവങ്ങൾക്ക് കഞ്ഞികുടിക്കണ്ടേ? ഫോട്ടോഗ്രാഫർമാർ എടുക്കുന്ന ഫോട്ടോകൾ മാത്രമേ റേഷൻ കാർഡിൽ പതിപ്പിക്കാൻ പാടുള്ളൂവെന്ന് നിയമം വേണം. ഡ്രൈവിംഗ് ലൈസൻസിലെ ഫോട്ടോ എടുക്കാനും ഈ പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാരെ അനുവദിക്കണം. എസ്.എസ്.എൽ.സി. ബുക്കിൽ ഒട്ടിക്കാനുള്ള ഫോട്ടോകൾ ഫോട്ടോഗ്രാഫർമാരെ കൊണ്ടുതന്നെ എടുപ്പിക്കണം. ഇപ്പോൾ തിരിച്ചറിയൽ കാർഡുകളിലും മറ്റും ഉപയോഗിക്കുന്ന ഫോട്ടോകൾ അവിദഗ്ധ ഫോട്ടോഗ്രാഫർമാർ എടുക്കുന്നവയാണ്. അവ കറുത്തതും അവ്യക്തവുമാണ്. നാൽപ്പതിനായിരത്തോളമുള്ള ഫോട്ടോഗ്രാഫർ മാർക്ക് ജീവിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണം. അതുകൊണ്ട് ഫോട്ടോഗ്രാഫർമാരുടെ തൊഴിൽ സംരക്ഷണത്തിനുള്ള കാര്യങ്ങളിൽ ഗവൺമെന്റിന്റെ സത്വരമായ ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ബഹുമാനപ്പെട്ട ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് ഇവിടെ ഉന്നയിച്ച പ്രശ്നം വളരെയേറെ ഗൗരവമുള്ള കാര്യമാണ്. ഏതാണ്ട് നാൽപ്പതിനായിരത്തോളം ഫോട്ടോഗ്രാഫർമാരും വീഡിയോഗ്രാഫർമാരുമുണ്ട്. അവരുടെ വരുമാനം കുറയുന്നു. കാലത്തിന്റെ മാറ്റത്തിനനുസരിച്ചുണ്ടായ പല നീക്കങ്ങളുംകൊണ്ട് അവരുടെ ജീവിതം വളരെ ദുരിതപൂർണ്ണമാവുകയാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ പാസ്പോർട്ടിന്റെയും ആധാർ കാർഡിന്റെയും നിയന്ത്രണം കേന്ദ്ര ഗവൺമെന്റിനാണ്. സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽ വരുന്നതല്ല. എങ്കിലും അദ്ദേഹം ചൂണ്ടിക്കാണിച്ചതു പോലെ ഈ കാര്യത്തിൽ ഫോട്ടോഗ്രാഫർമാർക്കുകൂടി പങ്കാളിത്തമുണ്ടാകുന്ന രീതിയിലുള്ള നടപടിയുണ്ടാകാൻ ഞാൻ ആവശ്യപ്പെടാം. അദ്ദേഹം പറഞ്ഞതു പോലെ ഐ.ഡി. കാർഡുകളുടെ ഫോട്ടോകളൊന്നും ലെജിബിളല്ല. ഫോട്ടോ എടുക്കുന്നത് ആളിനെ തിരിച്ചറിയാൻ വേണ്ടിയാണ്. പലപ്പോഴും പുതിയ സാങ്കേതികവിദ്യകളെ ആശ്രയിക്കുന്നതുമൂലം ഫോട്ടോകൾ ലെജിബിളല്ല. ആളിനെ തിരിച്ചറിയാൻ സാധിക്കുകയില്ല. ഐഡന്റിഫിക്കേഷനാണ് ഉദ്ദേശിക്കുന്നതെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

അതിനുള്ള രീതി തുടരണം. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ, സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള റേഷൻ കാർഡും ഡ്രൈവിംഗ് ലൈസൻസും ഫോട്ടോഗ്രാഫർമാരെക്കൂടി ബന്ധപ്പെടുത്തുന്ന രീതിയിലുള്ള നടപടി സ്വീകരിക്കുന്ന കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താം. ഇന്ന് ഏതാണ്ട് ജനസംഖ്യയിൽ കൂടുതലാണ് മൊബൈൽ ഫോണുകൾ. എല്ലാ മൊബൈൽ ഫോണിലും ഫോട്ടോ എടുക്കാം. എല്ലാവരും ആ സൗകര്യം ഉപയോഗിക്കുന്നു. അത് കാലത്തിന്റെ മാറ്റമാണെങ്കിലും അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ഈ രംഗത്ത് എക്സ്പെർട്ടായ ആളുകളെ അവഗണിക്കുന്നത് ശരിയല്ല. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അവരുടെ സേവനം ഉപയോഗിക്കുന്ന കാര്യം ഗൗരവമായിത്തന്നെ പരിഗണിക്കുന്നതാണ്. പി.ആർ.ഡി. വകുപ്പ് തീർച്ചയായും ഫോട്ടോഗ്രാഫേഴ്സിനെ ആശ്രയിച്ചുമാത്രമെ മുന്നോട്ട് പോകുകയുള്ളൂ. അതിൽ മറ്റാരെയും ഏർപ്പെടുത്തുകയില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(10) വൈക്കത്ത് മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പുവരുത്തൽ

<u>ശ്രീ. കെ. അജിത്</u> : സർ, വൈക്കം മഹാദേവ ക്ഷേത്രത്തെ ശബരിമല ഇടത്താവളമായി പ്രഖ്യാപിക്കുന്നതോടൊപ്പം അവിടെ അഞ്ച് ലക്ഷത്തിലധികം തീർത്ഥാടകർ ഈ സീസണിൽ എത്തുകയും അതിന്റെ ഫലമായി മാലിന്യങ്ങൾ അവിടെ അടിഞ്ഞുകൂടുകയുമാണ്. അത് നീക്കം ചെയ്യുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അവതരിപ്പിക്കുന്നത്. ചെങ്ങന്നൂരിലെ മുനിസിപ്പാലിറ്റിക്ക് ഇതുപോലെയുള്ള സാഹചര്യമുണ്ടായപ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഇരുപത് ലക്ഷം രൂപ അവർക്ക് ഗ്രാന്റായി നൽകിയിരുന്നു. അതിന് സാമാനമായ സാഹചര്യങ്ങളുമായാണ് വൈക്കം മുനിസിപ്പാലിറ്റിയും നിൽക്കുന്നത്. അതുകൊണ്ട് ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്ക് കൊടുക്കുന്നതുപോലുള്ള സാമ്പത്തിക സഹായം വൈക്കം മുനിസിപ്പാലിറ്റിക്കും കൊടുക്കുന്നതോടൊപ്പം ശബരിമല മാസ്റ്റർ പ്ലാനിൽ വൈക്കം ക്ഷേത്രവും ഉൾപ്പെടുത്തണം. വൈക്കം, കടുത്തുരുത്തി, ഏറ്റുമാനൂർ ക്ഷേത്രങ്ങളിൽ കൈകൂപ്പുന്നത് വലിയ പുണ്യമാണെന്ന് വിശ്വസിക്കുന്നവരുമുണ്ട്. ലക്ഷക്കണക്കിന് ആളുകളാണ് ഈ ക്ഷേത്രങ്ങളിൽ വരുന്നത്. അതുകൊണ്ട് തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യമൊരുക്കാൻ ബുദ്ധിമുട്ടുമുണ്ട്. ഈ സാഹചര്യം നിലനിർത്തിക്കൊണ്ട് ശബരിമല മാസ്റ്റർ പ്ലാനിൽ വൈക്കം ക്ഷേത്രത്തെ ഉൾപ്പെടുത്തുകയും അവിടെ എത്തുന്ന ഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി ഗ്രാന്റ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നൽകാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് ശിപാർശ ചെയ്യണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly